1.	കുറ്റ്യാടി എക്സ്റ്റൻഷൻ	3.22 ദശലക്ഷം കനേഡിയൻ ഡോളർ
2.	പള്ളിവാസൽ ശെങ്കുളം പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തിനു വേണ്ടി	2.10 ദശലക്ഷം കനേഡിയൻ ഡോളർ

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) 1270 ചതുരശ്ര അടി സ്ഥലം.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനിയ്ക്ക് വൈദ്യുതി ബോർഡിലെ വർക്കുകൾ നൽകിയിട്ടില്ല.

(എഫ്) പ്രസക്തമല്ല.

(ജി) കണക്കാക്കിയിട്ടില്ല.

വൈദ്യുതി ബോർഡിന്റെ കടം

74 (226) ശ്രീ. പാലോട് രവി: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് ഇപ്പോൾ എന്ത് തുകയുടെ കടം ഉണ്ട് ;

(ബി) വിദേശ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പ എത്ര ;

(സി) വൈദ്യുതി ബോർഡിന്റെ ഇപ്പോഴുള്ള വായ്പയും പലിശയും ചേർന്ന് ആളോഹരി എന്ത് കടമുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1999-2000-ലെ ബോർഡിന്റെ താല്ക്കാലിക വാർഷിക കണക്ക് അനുസരിച്ച്, 31-3-2000 വരെ ബോർഡിന് 3551 കോടി രൂപയുടെ കടമുണ്ട്. പ്രസ്തുത കടത്തിൽ 291.93 കോടി രൂപ വിദേശ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാണ്. അതുവരെയുള്ള പലിശ 434.19 കോടി രൂപയാണ്.

(സി) 31-3-2000-ലെ ജനസംഖ്യയുടെ കണക്കിന്റെ അഭാവത്തിൽ ആളോഹരി കടം തിട്ടപ്പെടുത്തിയിട്ടില്ല.

ലോഡ് ഷെഡിംഗ്

75 (227) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എന്നത്തേയ്ക്ക് വൈദ്യുതി മിച്ചമാകുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly